"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - ഇടുക്കി ജില്ല- കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ്- ക്ലർക്ക് ശ്രീ. ബിജു മാത്യുവിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1765/2025/LSGD തീയതി,തിരുവനന്തപുരം, 17-07-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇടുക്കി ജില്ല ഓഫീസറുടെ 24.06.2010 തീയതിയിലെ IDB(4)300/7(7) നമ്പർ നിയമന ശുപാർശ കത്ത്
2. ഇടുക്കി ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 06.07.2010 തീയതിയിലെ A3-.2288/2005(2) നമ്പർ നടപടിക്രമം
3. ഇടുക്കി ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 13.09.2010 തീയതിയിലെ A3-393/2004(2) നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടറുടെ 21.03.2024 തീയതിയിലെ LSGD/PD/IDK/1365/2024-B3-A1 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടറുടെ 16.10.2024 തീയതിയിലെ LSGD/PD/IDK/1365/2024-A1 നമ്പർ നടപടിക്രമം
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.03.2025ലെ LSGD/PD/24230/2024-DEC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ബിജു മാത്യുവിന്റെ പ്രൊബേഷൻ കാലയളവ് 12.07.2013 മുതൽ 24.02.2018 വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.ശ്രീ. ബിജു മാത്യു പരാമർശം (1), (2) എന്നിവ പ്രകാരം, 12.07.2010 പൂർവ്വാഹ്നം സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും പരാമർശം (3) പ്രകാരം ടിയാന്റെ നിയമനം ക്രമവൽകരിച്ചിട്ടുള്ളതുമാണ്. ടിയാൻ നിരീക്ഷണ കാലയളവിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ വിജയിക്കാത്തതിനാൽ, പരാമർശം (4) , (5)

എന്നിവ പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 12.07.2012 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീ. ബിജു മാത്യു-വിൻറെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാൻറെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും ടിയാൻ 22.02.2018 തീയതിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം ഒ പി പരീക്ഷ വിജയിച്ചിട്ടുണ്ടെന്ന് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 22.02.2018 തീയതിയിൽ എം ഒ പി പരീക്ഷ പാസ്സായ ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ബിജു മാത്യുവിന്റെ പ്രൊബേഷൻ 23.02.2018 തീയതി പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി , ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 12.07.2013 മുതൽ 24.02.2018 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ഇടുക്കി (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ. ബിജു മാത്യു , ക്ലർക്ക് , കുമാരമംഗലം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.75/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 17-07-2025 17:24:14
സെക്ഷൻ ഓഫീസർ